**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3436 — 16.12.2015-ൽ മറുപടിയ്ക്ക്

**പഞ്ചായത്ത് വകുപ്പിലെ സെക്രട്ടറി, സീനിയർ സൂപ്രണ്ട് ഒഴിവുകൾ**

**ചോദ്യം** — **ഉത്തരം**

**ശ്രീ. സാജു പോൾ** — **ഡോ. എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; | സീനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.<br><br>ആലപ്പുഴ - 1<br>പാലക്കാട് - 1<br><br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.<br><br>തിരുവനന്തപുരം 1<br>കൊല്ലം 1<br>പത്തനംതിട്ട 3<br>ആലപ്പുഴ 2<br>കോട്ടയം 7<br>ഇടുക്കി 4<br>എറണാകുളം 3<br>തൃശ്ശൂർ 3<br>പാലക്കാട് 5<br>മലപ്പുറം 6<br>കോഴിക്കോട് 0<br>വയനാട് 2 |

| | | |
|---|---|---|
| | | \| കണ്ണൂർ \| 1 \|<br>\| കാസർഗോഡ് \| 3 \|<br><br>ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | 2015 മാർച്ച് 31 വരെ പ്രസ്തുത വകുപ്പിൽ സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകളിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | 31.03.2016 വരെ സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 3 എണ്ണവും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 20 എണ്ണവുമാണ്. |
| (സി) | വകുപ്പിന്റെ വരുമാന വർദ്ധനവും ഓഡിറ്റിങ്ങും ശക്തിപ്പെടുത്താൻ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തിക വർദ്ധിപ്പിച്ച് ചുമതല വിഭജിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; | പെർഫോമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 66 പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരുടെ തസ്തിക പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച ശുപാർശ 10-ാം ശമ്പള പരിഷ്കരണ കമ്മീഷന് അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഡി) | ടി വകുപ്പിൽ ഏതൊക്കെ തസ്തികകളിലെ ജീവനക്കാരെയാണ് സർക്കാർ ജീവനക്കാരായി അംഗീകരിക്കാത്തത്; കാരണം വിശദമാക്കുമോ? | പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരെ (പാർട്ട്ടൈം, ഫുൾടൈം) സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. ജി.ഒ(പി) 01/95/തഭവ തീയതി 06.01.1995 പ്രകാരം, ഈ വിഭാഗം ജീവനക്കാർ പഞ്ചായത്തിന്റെ ജീവനക്കാരായിത്തന്നെ തുടരും എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**